അടിസ്ഥാനയോഗ്യതകൾ തമ്മിൽ വ്യത്യാസം ഉണ്ട്. വി.എച്ച്.എസ്.സി യിൽ ലാബോറട്ടറി ടെക്നോളജി അവരുടെ പാഠ്യവിഷയങ്ങളിൽ ഒന്നുമാത്രമാണ്. എന്നാൽ മെഡിക്കൽ കോളേജുകളിൽ നടത്തുന്ന ഡി.എം.എൽ.റ്റി. കോഴ്സ് പ്രീഡിഗ്രിക്കുശേഷമുള്ള രണ്ടുവർഷത്തെ മുഴുവൻസമയ കോഴ്സാണ്. അതു കൊണ്ട് വി.എച്ച്.എസ്.ഇ. എം.എൽ.റ്റി. കോഴ്സ് പാസ്സായവർക്ക് ബി.എസ്. സി. മൈക്രോബയോളജി, ബി.എസ്.സി. ബയോകെമിസ്ട്രി എന്നീ കോഴ്സുകൾ ആരംഭിക്കുവാൻ ഉദ്ദേശമില്ല.

207 (2523) ലബോറട്ടറി ടെക്നീഷ്യന്മാരുടെ ഒഴിവുകൾ

<u>ശ്രീ. വി. ബാലറാം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഡി.എച്ച്.എസിന്റേയും, ഡി.എം.ഇ.യുടേയും കീഴിൽ ലബോറട്ടറി ടെക്നീഷ്യൻ കോഴ്സ് പാസ്സായ എത്രപേർ ഡെയ്ലി വേജസിലും എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേനയും ജോലി ചെയ്യുന്നുണ്ട്;

(ബി) ഇവരിൽ ഏറ്റവും കൂടുതൽ സർവ്വീസുള്ളവരുടെ സർവ്വീസ് ദൈർഘ്യം എത്രയാണ്;

(സി) എത്ര സ്ഥിരം ഒഴിവുകളിൽ ഇത്തരത്തിൽപ്പെട്ടവർ ജോലി ചെയ്യുന്നുണ്ട്;

(ഡി) ഡി.എച്ച്.സിന്റേയും ഡി.എം.ഇ. യുടേയും കീഴിൽ ബ്ലഡ്ബാങ്ക് ടെക്നീഷ്യന്മാരായി നിയമിക്കപ്പെടുന്നതിന് ഏറ്റവും ഒടുവിൽ പി.എസ്.സി. അപേക്ഷ ക്ഷണിച്ചത് എന്നായിരുന്നു;

(ഇ) അന്ന് എത്ര ഒഴിവുകളുണ്ടായിരുന്നു; പിന്നീട് എത്ര ഒഴിവുകൾ ഉണ്ടായി;

(എഫ്) ഈ തസ്തികയിലേക്ക് അപേക്ഷിച്ചവരിൽ നിന്ന് നിയമനത്തിന് യോഗ്യരായവരുടെ ലിസ്റ്റ് പി.എസ്.സി. പ്രസിദ്ധീകരിച്ചതെന്നാണെന്ന് അറിയിക്കുമോ; ഇതിൽ നിന്ന് എത്ര പേരെ നിയമിച്ചു;

(ജി) ബാക്കിയുള്ള ഒഴിവുകൾ നികത്താത്തതിന്റെ കാരണം വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ആരോഗ്യവകുപ്പ് ഡയറക്ടറുടെ കീഴിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി 35 പേരും ബോണ്ടടിസ്ഥാനത്തിൽ 4 പേരും ജോലി ചെയ്യുന്നുണ്ട്. ഡെയ്ലിവേജസിൽ ആരും ഇല്ല. മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടറുടെ കീഴിൽ 19 പേർ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴിയും 3 പേർ ഡെയ്ലി വേജസിലും ലബോറട്ടറി ടെക്നീഷ്യന്മാരായി ജോലി ചെയ്യുന്നുണ്ട്.

(ബി) ഇവരിൽ ആരോഗ്യ വകുപ്പു ഡയറക്ടറുടെ കീഴിൽ സർവ്വീസിലുള്ളവരുടെ ഏറ്റവും കൂടുതൽ സർവീസ് ദൈർഘ്യം 11 മാസമാണ്. ആരോഗ്യ വിദ്യാഭ്യാസ ഡയറക്ടറുടെ കീഴിൽ എംപ്ലോയ്മെന്റ് നിയമനം - 1 വർഷവും ഡെയ്ലി വേജസ് - 1 മാസവും കാലദൈർഘ്യമുള്ളവർ സർവ്വീസിലുണ്ട്.

(സി) ഉത്തരം 'എ' യിൽ സൂചിപ്പിച്ചിട്ടുള്ള എല്ലാവരും സ്ഥിരം ഒഴിവുകളിലാണ് ജോലി ചെയ്യുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) ഡി.എച്ച്.എസ്.ന്റേയും ഡി.എം.ഇ.യുടേയും കീഴിൽ ബ്ലഡ് ബാങ്ക് ടെക്നിഷ്യന്മാരായി നിയമിക്കപ്പെടുന്നതിന് ഏറ്റവും ഒടുവിൽ യഥാ ക്രമം 22-11-94 ലും 28-9-93 ലും ആണ് പി.എസ്.സി. അപേക്ഷ ക്ഷണിച്ചത്.

(ഇ) ഡി.എച്ച്.എസിന്റെ കീഴിൽ 5 ഒഴിവുകൾ ഉണ്ടായിരുന്നു. പിന്നീട് 7 ഒഴിവുകൾ കൂടി ഉണ്ടായി. ഡി.എം.ഒ. യുടെ കീഴിൽ 20 ഒഴിവുകൾ നിലവിലുണ്ടായിരുന്നു. പിന്നീട് ആറ് ഒഴിവുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(എഫ്)ഈ തസ്തികയിലേക്ക് അപേക്ഷിച്ചവരിൽ ഡി.എച്ച്.എസി ലേക്കും ഡി.എം.ഇ. യിലേക്കും ഉള്ള നിയമനത്തിന് യോഗ്യരായവരുടെ ലിസ്റ്റ് യഥാക്രമം 11-2-99 ലും, 28-12-98 ലും പ്രസിദ്ധീകരിച്ചു. തസ്തികയിലേക്ക് ഡി.എച്ച്.എസ്. അഞ്ചുപേരെയും നിയമിച്ചു. നാലുപേരെ കൂടി പി.എസ്.സി. ശുപാർശ ചെയ്തിട്ടുണ്ട്. ഡി.എം.ഒ. 26 പേരെ നിയമിച്ചിട്ടുണ്ട്.

(ജി) ബാക്കിയുള്ള ഒഴിവുകൾ നികത്താനുള്ള നടപടികൾ സ്വീകരി ച്ചുവരുന്നു.

208 (2524) തൃശൂർ മെഡിക്കൽ കോളേജിന്റെ വികസനം

ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശൂർ മെഡിക്കൽ കോളേജിന്റെ വികസനത്തിന് സർക്കാർ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(ബി) ഇതിനായി ഏതെങ്കിലും മാസ്റ്റർ പ്ലാൻ തയ്യാറാക്കിയിട്ടുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ;

(സി) മാസ്റ്റർ പ്ലാനിന് അനുസൃതമായിട്ടാണോ ഇവിടുത്തെ നിർമ്മാണ പ്രവർത്തനങ്ങൾ ഇപ്പോൾ നടക്കുന്നത് എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) നാനൂറ് കിടക്കകളുള്ള ആശുപത്രി സമുച്ചയം, ഒ.പി. സർജറി ബ്ലോക്കുകൾ എന്നിവയുടെ പണി പുരോഗമിച്ചു വരുന്നു. ടെലിതെറാപ്പി വിഭാഗം, സ്റ്റാഫ് ക്വാർട്ടേഴ്സുകൾ എന്നിവയുടെ നിർമ്മാണ പ്രവർത്തനങ്ങളും പുരോഗതിയിലാണ്. മെഡിക്കൽ കോളേജിലേക്ക് പീച്ചി ഇറിഗേഷനിൽ നിന്നും ശുദ്ധജലം എത്തിക്കാനുള്ള നടപടികൾ തുടരുന്നു. ആശുപത്രിയിൽ ഇൻസിനിറേറ്റർ സ്ഥാപിക്കുവാനുള്ള നടപടികളും ത്വരിതഗതിയിലാണ്.

(ബി)&(സി) മാസ്റ്റർ പ്ലാനിന്റെ അടിസ്ഥാനത്തിലാണ് മെഡിക്കൽ കോളേജിലെ നിർമ്മാണ പ്രവർത്തനങ്ങൾ നടക്കുന്നത്.

209 (2525) തൃശൂർ മെഡിക്കൽ കോളേജിന്റെ പ്രവർത്തനം

ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശൂർ മെഡിക്കൽ കോളേജിൽ ഏതെല്ലാം വകുപ്പുകളാണ് ഇനിയും മുളംകുന്നത്ത് കാവിലേക്ക് മാറ്റുവാനുള്ളത്;

(ബി) വകുപ്പുകൾ രണ്ട് സ്ഥലത്ത് പ്രവർത്തിക്കുന്നതുമൂലം ഉണ്ടാ കുന്ന ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly